കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:- dowyd.ksad@kerala.gov.in

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.2/419/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ, പിൻ - 637121

തീയതി. 07.08.2017

ഫോൺ: 04936-203672

ഇ-മെയിൽ dowyd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം - വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങപ്പള്ളി .ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.2/419/2017

തീയതിഃ 07.08.2017

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 24.02.2016മുതൽ 26.06.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017 മുതൽ 05.07.2017 |

| | | |
|---|---|---|
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി,വസന്ത.പി.എസ് ഓഡിറ്റ്ഓഫീസർ | 27.06.2017മുതൽ 05.07.2017വരെ |
| | ശ്രീമതി. കെ.കെ.ബിന്ദു, അസി.ഓഡിറ്റ് ഓഫീസർ | 27.06.2017മുതൽ 05.07.2017വരെ |
| | ശ്രീ.മനോഹരൻ .എ.വി സീനി.ഗ്രേ.ഓഡിറ്റർ | 27.06.2017മുതൽ 05.07.2017വരെ |
| | കുമാരി.ടി.കെ ലത, ഓഡിറ്റർ | 27.06.2017മുതൽ 05.07.2017വരെ. |

(ബി)നിർവ്വഹണാധികാരികൾ

| ക്രമ നം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | പ്രസിഡണ്ട് | ശ്രീ.നാസർ .പി.എം. | 01.04.2016മുതൽ 31.03.2017 വരെ |
| 2 | വൈസ് പ്രസിഡണ്ട് | ശ്രീമതി.ജെസ്സി ജോണി | 01.04.2016മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1. | സെക്രട്ടറി | ശ്രീ സി.കുട്ടൻ | 01.04.2016മുതൽ 31.03.17 വരെ |
| 2. | കൃഷി ഓഫീസർ | ശ്രീ.എമിൽ ജോസ് | 01.04.2016മുതൽ 14.6.16 വരെ |
| | | ശ്രീ .ഈശ്വരപ്രസാദ് | 15.6.16 മുതൽ 4.8.16 വരെയും<br>11.2.17 മുതൽ 31.3.17വരെയും |
| | | ശ്രീമതി. രേഖ.ടി | 5.8.16 മുതൽ 10.2.17 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ.ധന്യരാജൻ | 01.04.16മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2017 വരെ |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുനിൽകുമാർ | 01.04.16മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.നസ്രുൾ ഇസ്ലാം | 01.04.2016മുതൽ 4.7.16 വരെ |
| | | ഡോ.അബ്രഹാം ജേക്കബ് | 5.7.16 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ടി.എൻ ഹരിശങ്കർ. | 01.04.16മുതൽ 26.4.16വരെയും<br>1.8.16 മുതൽ 4.12.16 വരെയും |
| | | ഡോ.ഉസ്മാൻ പഞ്ചിലി | 5.12.16 മുതൽ 27.1.17വരെ |
| | | ഡോ.മെറീന ഫിലിപ്പ് | 27.4.16 മുതൽ31.7.16 വരെയും<br>28.1.17 മുതൽ31.3.17വരെയും |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മോളി സെബാസ്റ്റ്യൻ | 1.04.2016മുതൽ 9.3.17 വരെ |
| | | ശ്രീമതി. സരസ്വതി.എം | 10.03.2017 മുതൽ 1.03.2017വരെ |
| 8. | അസി. എഞ്ചിനീയർ | ശ്രീ.കെ മുനവർ | 01.04.2016മുതൽ 7.7.16 വരെ |
| | | ശ്രീ.തങ്കച്ചൻ | 8.7.16മുതൽ 31.3.17 വരെ |
| 9. | ഹെഡ് മിസ്ട്രസ് | ശ്രീമതി.മേരി നല്ലൻകുഴിയിൽ. | 01.04.2016മുതൽ 31.03.17 വരെ |
| 10. | ടി.ഇ.ഒ | ശ്രീമതി.ഉമാദേവി | 01.04.2016മുതൽ 31.03.17 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക | പേജ് |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല | 1-10 | |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 | |
| 12 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-12 | |
| 13 | ഗ്രാമസഭാ മിനുട്സുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-13 | |
| | ഭാഗം 2 -വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | വസ്തുനികുതി കുടിശ്ശിക-97736 | 2-1 | |
| 15 | തൊഴിൽ നികുതി -ഈടാക്കിയതിൽ അപാകങ്ങൾ | 2-2 | |
| 16 | ഭാഗം 3-ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | | |
|---|---|---|---|
| 17 | സേവാഗ്രാം ഫർണിച്ചർ വാങ്ങൽ -പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ | 3-1 | |
| 18 | വാങ്ങലുകൾ നടപ്പാക്കിയതിൽ അപാകങ്ങൾ | 3-2 | |
| 19 | കോടഞ്ചേരിക്കുന്ന് ഓടപ്പള്ളം പ്രദേശങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ | 3-3 | |
| 20 | ദർഘാസ് പത്രപരസ്യം | 3-4 | |
| 21 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 3-5 | |
| 22 | ഐ.എ.വൈ-പദ്ധതിക്ക് തുക ചെലഴിച്ചത്. | 3-6 | |
| 23 | സമഗ്രതോട്ടവിളകൃഷി വികസനം | 3-7 | |
| | ഫണ്ട് വിനിയോഗിക്കുന്നതിലെ അപാകങ്ങൾ | 3-8 | |
| 24 | നെൽകൃഷിവികസനം | 3-9 | |

| | | | |
|---|---|---|---|
| 25 | അടുക്കളതോട്ടം വനിത -പദ്ധതിനടത്തിപ്പിൽ അപാകങ്ങൾ | 3-10 | |
| 26 | ആയുർവേദമരുന്നുകൾ വാങ്ങൽ-മരുന്ന് ലഭ്യമാക്കിയില്ല | 3-11 | |
| 27 | 3-12 പാലിയേറ്റീവ്കെയർ (ഹോംകെയർ)-അധിക ചെലവും മറ്റ് അപാകതകളും: | 3-12 | |
| 28 | സാക്ഷരതാ തുല്യത പരീക്ഷചെലവുകൾ | 3-13 | |
| 29 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികൾ | 3-14 | |
| 30 | പാൽ ഉൽപ്പാദകബോണസ്സ് | 3-15 | |
| 31 | പട്ടികവർഗ്ഗ വീട് വയറിംഗ് | 3-16 | |
| 32 | അങ്കണവാടികളിൽ പോഷകാഹാരവിതരണം | 3-17 | |
| 33 | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അക്കൗണ്ട് | 3-18 | |

| | | | |
|---|---|---|---|
| | അപാകങ്ങൾ | | |
| 34 | ടെണ്ടർ കുറവ് സ്വീകരിച്ചില്ല-നഷ്ടം -47400 | 3-19 | |
| 35 | കേരളകൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് -കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. | 3-20 | |
| 36 | കുവപ്പള്ളി പഞ്ചാബ് റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തി നടത്തിപ്പിൽ അപാകങ്ങൾ | 3-21 | |
| 37 | പാർട്ട് ബിൽ നൽകി- പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-22 | |
| 38 | ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവിനെക്കാൾ അധികം നൽകി. | 3-23 | |
| ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 39 | സംയുക്ത പ്രോജക്റ്റിന് നൽകിയ തുകയുടെ വിവരം | 4-1 | |

| | | | |
|---|---|---|---|
| | | | |
| 40 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക | 4-3 | |
| 42 | വായ്പ-വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-6 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-7 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 | |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 1.03.2016 തീയതിയിലെ 1/16 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് 15.03.2017 തീയതിയിലെ 1/17 നമ്പർ അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക ഡബിൾഎൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി | അപാകതകൾ പരിഹരിക്കാൻ തിരിച്ചയച്ച തീയ്യതി | അപാകതകൾ പരിഹരിച്ച് ലഭിച്ച തീയ്യതി |
|---|---|---|---|
| 31.07.2017 | 31.05.2017 | | 2016-17 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ച് തയ്യാറാക്കിയ സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 79,58,377 | 4,81,56,066 | 5,61,14,443 | 4,43,75,182 | 1,17,39,261 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുൻ | വരവ് | ആകെ | ചെലവ് | നീക്കി | ശത |
|---|---|---|---|---|---|---|

| | ബാക്കി | | | | യിരിപ്പ് | മാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 31798465 | 31798465 | 8791860 | 23006605 | 28 |
| എസ്.സി.പി. | 0 | 565605 | 565605 | 138334 | 427271 | 24 |
| ടി.എസ്.പി . | 0 | 7074105 | 7074105 | 7045344 | 28761 | 99.5 |
| എം.ജി.(റോഡ് ) | 0 | 5549782 | 5549782 | 2707327 | 2842655 | 49 |
| എം.ജി. (നോൺ റോഡ്) | | 2554755 | 2554755 | 2485900 | 68855 | 97 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 708175 | 26972723 | 27680898 | 25050851 | 2630047 | 90 |
| തനത് | 600719 | 2792338 | 339057 | 7499827 | 4106770 | 22 |
| വായ്പ | 115873 | - | 115873 | 115873 | - | |

# 1 - 6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 154 | 91 | 3 | 63 | 57% |

# 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് /കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം കൂടുതൽ | ശതമാനം കൂടുതൽ കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവ് | 1600570 | 2267263 | 666693 | + 41.65 |
| നികുതിയേതര വരവ് | 821037 | 968300 | 147263 | + 17.9 |
| ആകെ | 2421607 | 3235563 | 813956 | |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 2928400 | 325 |
| 2 | വിധവാ പെൻഷൻ | 4296840 | 449 |
| 3 | വാർദ്ധക്യകാല പെൻഷൻ | 6011570 | 540 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 996255 | 99 |
| 5 | തൊഴിൽരഹിതവേതനം | 5844000 | 49 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.7.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗ സ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 73757/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

# 1-10 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

2016-17 വർഷം പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ വിളിച്ചുചേർത്തതിലും വ്വക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമായി.ജി.ഒ.(എം.എസ്)4/16 തസ്വഭവ11.1.16 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ ആണ് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ 2016-17 വർഷം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി യോഗംചേരുകയോ, പ്രോജക്ടുകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ ഒരു തവണ മാത്രം യോഗം ചേർന്ന വർക്കിംഗ്

ഗ്രൂപ്പുകളുമുണ്ട്. അതിൽത്തന്നെ പലതിലും പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുമില്ല. വർക്കിംഗ് ഗ്രൂപ്പുകളിൽ തയ്യാറാക്കുന്ന കരട് പദ്ധതിനിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്ത് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിഗണനയോട്കൂടി ഭരണസമിതി പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകൾ ആണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നില്ല.

പട്ടികജാതി, പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് വികസനസെമിനാർ യോഗം ചേർന്നതല്ലാതെ തുടർന്ന് യോഗം ചേർന്നിട്ടില്ല. അതിൽതന്നെ തീയതി രേഖപ്പെടുത്തിയിട്ടില്ല.

കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പ് 8.2.16 ന് ചേർന്നതിന് ശേഷം നാളിതുവരെ യോഗം ചേർന്നിട്ടില്ല. പൊതുഭരണവർക്കിംഗ് ഗ്രൂപ്പ് തൻവർഷം ഒരു യോഗം പോലും ചേർന്നിട്ടില്ല. ഏറ്റവും കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 8.2.16 ന് കുറച്ച് പദ്ധതി നിർദ്ദേശങ്ങൾ നൽകി എന്നതല്ലാതെ തൻവർഷം യോഗം ചേർന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്യുകയോ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

## 1-11 ആഭ്യന്തര നിയന്ത്രണം

ഓഫീസിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തനിയന്ത്രണ സംവിധാനം പരിശോധനാവിധേയമാക്കി. ജീവനക്കാരുടെ ജോലിവിഭജനം നടപ്പാക്കിക്കൊണ്ടുള്ള ഓഫീസ് ഉത്തരവുകളും അതിനോടനുബന്ധിച്ചുള്ള രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ, ജീവനക്കാരുടെ യോഗം മാസത്തിലൊരിക്കൽ ചേരുന്നില്ല .

## 1-12 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 18.4.11മുതൽ 30.4.11 വരെ | 1.4.06 മുതൽ 31.3.11 വരെ | 4.6.11 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.16 മുതൽ<br>29.12.2016 വരെ | 07/2016മുതൽ 09/16വരെ | 14.2.2017 |

## 1-13. ഗ്രാമസഭാമിനുട്സുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഓഡിറ്റ് സമയത്ത് ഗ്രാമസഭാ മിനുട്സ് അധികൃതർ ഹാജരാക്കാതിരുന്നതിനാൽ വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത് ഒത്തുനോക്കുവാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - കുടിശ്ശിക 97736/- രൂപ

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിശോധനയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെയും വാസഗൃഹ 2016-17 വരെ കുടിശ്ശികയായ വസ്തു നികുതിയും ലൈബ്രറിസെസ്സും ഉൾപ്പെടെ ഈടാക്കാനുള്ളവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/അസ്സസ്സ്മെന്റ് നമ്പർ | ഉടമസ്ഥൻ/കമ്പനി | ചുമത്തിയ നികുതി | ഈടാക്കാനുള്ള കുടിശ്ശിക വിവരം (സഞ്ചയ ഡിമാന്റ് പ്രകാരം) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 7/318 | ഫിനാൻസ് ഓഫീസർ, റിലയൻസ് കമ്മ്യൂണിക്കേഷൻ | 5550+275 | 23100 | 2013-14 മുതൽ 2016-17 വരെ |
| 2 | 8/268 | എയർസെൽ നെറ്റ് വർക്ക് | 11010+551 | 46244 | 2013-14 മുതൽ 2016-17 |

| | | | | | |
|---|---|---|---|---|---|
| | | | | | വരെ |
| 3 | 12/237 | ബി.എസ്.എൻ.എൽ | 4800+240 | 20160 | 2013-14 മുതൽ 2016-17 വരെ |
| 4 | 4/159 | ദേവകി നേത്യാർ | 384+20 | 1616 | 2013-14 മുതൽ 2016-17 വരെ |
| 5 | 4/299 | സുധാകരൻ തോരാക്കാട്ട് | 1575+79 | 6616 | 2013-14 മുതൽ 2016-17 വരെ |
| ആകെ | | | | 97736 | |

19.09.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) 2640/2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്. മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെയും വാസഗൃഹവസ്തുനികുതിയിനത്തിലുള്ള ആകെ 97736/- രൂപ വസ്തുനികുതി കുടിശ്ശിക ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനായി (29/2016/05.07.2017) പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി കുടിശ്ശിക ഇനത്തിലുള്ള 97,736/- രൂപ ഈടാക്കി ഒടുക്ക് വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയതിൽ അപാകങ്ങൾ

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററും സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1.സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്

2.തെക്കുംതറ ഗ്രാമപഞ്ചായത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്

3ക്ഷീരോൽപ്പാദക സഹകരണ സംഘം തെക്കുംതറ

4.കോക്കുഴി മഠം എസ്റ്റേറ്റ്

5.കമല എസ്റ്റേറ്റ്

2.പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതായി

കാണുന്നില്ല

ഗ്രാമപഞ്ചായത്ത് എസ്.ജി.ഡി സെക്ഷനിൽ നിന്നും ലഭ്യമായ വിവരം പ്രകാരം അസി.എഞ്ചിനീയർ വിഭാഗവുമായി ബന്ധപ്പെട്ട് 22 പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർമാർ പ്രവൃത്തിക്കുന്നുണ്ട്. എന്നാൽ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയ്ക്കോ വ്യക്തിയ്ക്കോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ഫോറം VI ലുള്ള ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതാണ്. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുന്നതിനായി ഒരർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി I-ാം നമ്പർ ഫോറത്തിൽ ആഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തേയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ പതിനഞ്ച് ദിവസത്തിനുള്ളിൽ II ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇവ പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ചട്ടം-18 പ്രകാരം ഓരോ അർദ്ധവർഷത്തേയും തൊഴിലാളികളുടെ/ജീവനക്കാരുടെ നികുതി സമയമെത്തുന്നത് ശ്രദ്ധിക്കുന്നതിന് വേണ്ടി സെക്രട്ടറി Vാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആഫീസ് തലവനോ തൊഴിലുടമയ്ക്കോ ഗ്രാമപഞ്ചായത്ത് ഈ രജിസ്റ്ററിന്റെ ഒരു പകർപ്പ് എല്ലാ വിവരങ്ങളും രേഖപ്പെടുത്തി വെയ്ക്കുന്നതിന് വേണ്ടി നൽകേണ്ടതാണ്. ഓരോ അർദ്ധവർഷത്തിന്റെ അവസാനവും ആഫീസ് തലവനോ തൊഴിലുടമയോ വെച്ചുപോരുന്ന രജിസ്റ്ററിന്റെ സംഖ്യകളും മറ്റുവിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്ല്യ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ഒരു പരിശോധനാ സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനു ശേഷവും എഴുതി തീയ്യതി വെച്ച് നൽകേണ്ടതുമാണ്. ഇത്തരമൊരു രജിസ്റ്റർ ഈ ഓഫീസ് സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10, 14, 16, 18 എന്നിവ പാലിച്ചുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവാഗ്രാം-ഫർണിച്ചർ വാങ്ങൽ-പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ

2016-17 വർഷം സെക്രട്ടറി നടപ്പാക്കിയ സേവാഗ്രാം-ഫർണിച്ചർ വാങ്ങൽ പ്രോജക്റ്റ് നടത്തിപ്പ് പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 6/17 |
| പ്രോജക്റ്റ് | സേവാഗ്രാം-ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 130000 |
| ഫണ്ട് | വികസനഫണ്ട്-1,30,000/- |
| ചെലവഴിച്ച തുക | 72,996/- |
| ബിൽ നമ്പർ | 44/31.3.17- 72996 |
| നിർവഹണം | സെക്രട്ടറി |

ടെണ്ടർ പ്രകാരം ഡിറ്റി വുഡ് ക്രാഫ്റ്റ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 26 ടേബിളുകളും 26 കസേരകളും 72,996/- രൂപ ചെലവഴിച്ച് വാങ്ങി. സമർപ്പിച്ച ടെണ്ടറുകളിൽ വാറ്റ് നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല. എന്നാൽ ബില്ലിൽ 9,244/- രൂപ വാറ്റ് നൽകിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. പഞ്ചായത്തിൽ എത്ര സേവാഗ്രാം കേന്ദ്രങ്ങൾ രൂപീകരിച്ചുവെന്നോ അവ പ്രവൃത്തനക്ഷമമാണെന്നോ ഫർണിച്ചറുകൾ ആവശ്യമാണെന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ഇല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ. 8.11.2010 പ്രകാരം പഞ്ചായത്തിൽ രൂപീകരിക്കുന്ന വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വാങ്ങൽ കമ്മിറ്റി ഫർണിച്ചർ വാങ്ങൽ സംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-9/16-17/01.7.2017 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തി യതിന് മറുപടി നൽകിയിട്ടില്ല. ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 72,996/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2. പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ സാധന

## സേവനങ്ങളുടെ സമാഹരണം - അപാകങ്ങൾ

2016-17 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന വാങ്ങലുകളിൽ നടപടികൾ ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/17 |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും പ്രിന്ററും വാങ്ങൽ |
| ഫണ്ട് | വികസനഫണ്ട്-146200/- |
| ചെലവഴിച്ച തുക | 1,46,200/- |
| ബിൽ നമ്പർ | 33/31.3.17- 1,46,200/- |
| നിർവഹണം | സെക്രട്ടറി |

ടെണ്ടർ ക്ഷണിച്ചതിൽ Zygonet എന്ന സ്ഥാപനം മാത്രമാണ് ടെണ്ടർ നൽകിയത്. റീ ടെണ്ടർ നടത്തിയിട്ടില്ല. സ്ഥാപനം ക്വോട്ട് ചെയ്ത വിലയിൽ കുറഞ്ഞ വിലക്ക് സാധനങ്ങൾ നൽകാമെന്ന് തീയതിയില്ലാത്ത കത്ത് നൽകിയെങ്കിലും അത് ഭരണസമിതി അംഗീകരിച്ചോ എന്ന് വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന തിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010.ത.സ്വ.ഭ.വ 8.11.2010 പ്രകാരം പഞ്ചായത്തിൽ രൂപീകരിക്കുന്ന വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കേണ്ട തുമാണ്. എന്നാൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വാങ്ങൽ കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച വിദഗ്ദ സാക്ഷ്യപത്രം ഇല്ല. ഓഡിറ്റ് എൻക്വയറി നമ്പർ-10/16-17/01.7.2017 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ബോധപൂർവമല്ലാതെ വന്ന അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകങ്ങൾ പരിഹിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 156/17 |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ വാങ്ങൽ |

| | |
|---|---|
| അടങ്കൽ | 1,48,850/- |
| ഫണ്ട് | വികസനഫണ്ട്-1,48,850/- |
| ചെലവഴിച്ച തുക | 1,48,850/- |
| ബിൽ നമ്പർ | 34/31.3.17- 1,48,850/- |
| നിർവഹണം | സെക്രട്ടറി |

ടെണ്ടർ ക്ഷണിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010.ത.സ്വ.ഭ.വ 8.11.2010 പ്രകാരം പഞ്ചായത്തിൽ രൂപീകരിക്കുന്ന വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വാങ്ങൽ കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച വിദഗ്ദ സാക്ഷ്യപത്രം ഇല്ല. ഓഡിറ്റ് എൻക്വയറി നമ്പർ-10/16-17/01.7.2017 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ബോധപൂർവമല്ലാതെ വന്ന അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകങ്ങൾ പരിഹിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | 160/17 |
| പ്രോജക്ട് | പ്രൈമറി സ്കൂളുകളിലേക്ക് ഉച്ചഭക്ഷണസാധനങ്ങൾ വാങ്ങൽ |
| അടങ്കൽ | 93,735/- |
| ഫണ്ട് | വികസനഫണ്ട് |
| ചെലവഴിച്ച തുക | 93,735/- |
| ബിൽ നമ്പർ | 42/31.3.17- 93,735/- |
| നിർവഹണം | സെക്രട്ടറി |

സ്കൂളുകളിൽ നിന്നുള്ള ആവശ്യകത കണക്കാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ടെണ്ടർ ക്ഷണിച്ച് വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്ത വിവരങ്ങൾ ഫയലിൽ ഇല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010.ത.സ്വ.ഭ.വ 8.11.2010 പ്രകാരം പഞ്ചായത്തിൽ രൂപീകരിക്കുന്ന വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-10/16-17/01.7.2017 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ബോധപൂർവമല്ലാതെ വന്ന അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകങ്ങൾ പരിഹിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.

| | |
|---|---|
| പ്രോജക്ട് നമ്പർ | 70/17 |
| പ്രോജക്ട് | കോക്കുഴി ആൾട്ടർനേറ്റ് സ്കൂളിന് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 29,640/- |
| ഫണ്ട് | വികസനഫണ്ട് - 29,640/- |
| ചെലവഴിച്ച തുക | 29,640/- |
| ബിൽ നമ്പർ | 37/31.3.17- 29,640/- |
| നിർവഹണം | സെക്രട്ടറി |

സ്കൂളുകളിൽ നിന്നുള്ള ആവശ്യകത കണക്കാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ടെണ്ടർ ക്ഷണിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.വിതരണം ചെയ്ത വിവരങ്ങളും ഫയലിൽ ഇല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010.ത.സ്വ.ഭ.വ 8.11.2010 പ്രകാരം, പഞ്ചായത്തിൽ രൂപീകരിക്കുന്ന വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-10/16-17/01.7.2017 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ബോധപൂർവമല്ലാതെ വന്ന അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകങ്ങൾ പരിഹിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.

| | |
|---|---|
| പ്രോജക്ട് നമ്പർ | 69/17 |
| പ്രോജക്ട് | കൃഷിഭവന് ഫർണിച്ചർ വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട്- 48,750/- |
| ചെലവഴിച്ച തുക | 48,750/- |
| ബിൽ നമ്പർ | 36/27.3.17-- 48,750/- |
| നിർവഹണം | സെക്രട്ടറി |

ടെണ്ടർ ക്ഷണിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.വിതരണം ചെയ്ത വിവരങ്ങളും ഫയലിൽ ഇല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010.ത.സ്വ.ഭ.വ 8.11.2010 പ്രകാരം പഞ്ചായത്തിൽ രൂപീകരിക്കുന്ന വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-10/16-17/01.7.2017 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ബോധപൂർവമല്ലാതെ വന്ന അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകങ്ങൾ പരിഹിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6.

| | |
|---|---|
| പ്രോജക്ട് നമ്പർ | 159/17 |
| പ്രോജക്ട് | ഘടകസ്ഥാപനങ്ങൾക്ക്കമ്പ്യൂട്ടർ ,പ്രിന്റർ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട്- 1,50,000/- |
| ചെലവഴിച്ച തുക | 1,50,000/- |
| ബിൽ നമ്പർ | 43/31.3.17- 1,50,000/- |
| നിർവഹണം | സെക്രട്ടറി |

ടെണ്ടർ ക്ഷണിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.വിതരണം ചെയ്ത വിവരങ്ങളും ഫയലിൽ ഇല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010.ത.സ്വ.ഭ.വ 8.11.2010 പ്രകാരം പഞ്ചായത്തിൽ രൂപീകരിക്കുന്ന വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-10/16-17/01.7.2017 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ബോധപൂർവമല്ലാതെ വന്ന

അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകങ്ങൾ പരിഹിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കോടഞ്ചേരിക്കുന്ന് ഓടപ്പള്ളംകുന്ന് പ്രദേശങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 68/17 |
| പ്രോജക്ട് | കോടഞ്ചേരിക്കുന്ന് ഓടപ്പള്ളംകുന്ന് പ്രദേശങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | അടങ്കൽ- 75,000/- |
| ഫണ്ട് | കേന്ദ്രാവിഷ്കൃതഫണ്ട്-75,000/- |
| ചെലവഴിച്ച തുക | 75,000/- |
| വൗച്ചർ നമ്പർ | 21600738/30.3.17 - 75,000/- |
| നിർവഹണം | സെക്രട്ടറി |

തുക കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/16-17/3.7.2017ന് നൽകിയ മറുപടിയിൽ തുക

വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-4 ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് 2016-17 വർഷം ദർഘാസ് പരസ്യം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് കൂടിയ നിരക്കിൽ തുക ചെലവഴിച്ചിട്ടുണ്ട്.

01.01.2004 – ലെ ജി.ഒ.(പി) 01/04/ഐ ആന്റ് പി.ആർ.പ്രകാരം ദർഘാസ് പരസ്യങ്ങൾ മൂന്ന് സെ. മീ. xരണ്ട് കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. ഇതിന് പുറമേ 04.01.2011 – ലെ ജി.ഒ. (ആർ.ടി.) 01/2011/പി ആന്റ് എ.ആർ.ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ തൻവർഷം നൽകിയ പരസ്യങ്ങൾ കൂടിയ വലിപ്പത്തിൽ ഉള്ളവയാണ്. കൂടാതെ ഡിസ്കൗണ്ട് ഉറപ്പു വരുത്തിയിട്ടുമില്ല. ഇത് കൂടാതെ താഴെപ്പറയുന്ന പരസ്യങ്ങൾക്ക് തുക കണക്കാക്കിയതിൽ അപാകങ്ങൾ വന്നിട്ടുണ്ട്.

| ക്രമനം. | പത്രം | ബിൽ നമ്പർ/ തീയതി | പരസ്യത്തിന്റെ വലിപ്പം | നിരക്ക് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | ദേശാഭിമാനി | 2016023481/23.2.16 | 9x4 | 50 | 1800 | 5490 | 3690 |
| 2 | -ടി- | 2016082456/12.9.16 | 4x2 | 60 | 480 | 1920 | 1440 |
| 3 | -ടി- | 2016079560/19.7.16 | 4x2 | 60 | 480 | 1920 | 1440 |
| 4 | -ടി- | 2016024066/26.2.16 | 4x2 | 50 | 400 | 1600 | 1200 |
| 5 | -ടി- | 2016018847/23.1.16 | 6x2 | 50 | 600 | 2400 | 1800 |
| 6 | -ടി- | 2016022644/18.2.16 | 6x2 | 50 | 600 | 2400 | 1800 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | -ടി- | 2016022821/19.2.16 | 4x2 | 50 | 400 | 1600 | 1200 |
| ആകെ | | | | | | | 12570 |

ട്രഷറി ബിൽ നമ്പർ -11/25.11.16 പ്രകാരമാണ് മേൽതുകകൾ ചെലവഴിച്ചത്. ഇത് കൂടാതെ ട്രഷറി ബിൽ നമ്പർ -11/25.11.16 പ്രകാരം പിൻവലിച്ച 90,360/- രൂപയിൽ ദേശാഭിമാനിക്ക് നൽകിയ2,800/-, മാതൃഭൂമിക്ക് നൽകിയ 3040, 3040, ചന്ദ്രികക്ക് നൽകിയ 11,200/- എന്നീ തുകകളുടെ ചെലവുവിവരങ്ങൾ ഫയലിൽ ഇല്ല. ഓഡിറ്റ് എൻക്വയറി നമ്പർ-13/3.7.17 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. 32,650/- (12570+2800+3040+3040+11200)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ-പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ

2016-17 വർഷം നടപ്പാക്കിയ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് വേണ്ടി പ്രവൃത്തി നടപ്പാക്കി. പ്രവൃത്തി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 140/17 |
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ |
| അടങ്കൽ | 2,00,000/- |
| ഫണ്ട് | കേന്ദ്രാവിഷ്കൃതഫണ്ട് |
| ചെലവഴിച്ച തുക | 1,90,000/- |
| വൗച്ചർ നമ്പർ | 21600511/01.02.2017 |
| നിർവഹണം | സെക്രട്ടറി |

വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ടെണ്ടർ പ്രകാരം 115 തെരുവുവിളക്കുകൾ വാങ്ങുകയാണ് ചെയ്തത്. പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1. പഞ്ചായത്തിൽ കെ.എസ്.ഇ.ബിയും പഞ്ചായത്തും നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തിക്കാത്ത 65 ട്യൂബുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ വിളിച്ചപ്പോൾ ഇവ നന്നാക്കുന്നതിന് ടെണ്ടർ വിളിക്കാതെ പുതിയ വിളക്കുകൾ വാങ്ങുന്നതിനാണ് ടെണ്ടർ വിളിച്ചത്.

2. പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. യുടെ അനുവാദം

വാങ്ങിയിട്ടില്ല.

3. വാങ്ങിയ വിളക്കുകൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.
4. വാങ്ങിയ വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്ന വിവരങ്ങൾ ഫയലിൽ ഇല്ല.
5. പിൻവലിച്ച തുക നൽകിയതിന്റെ കൈപ്പറ്റ് ചീട്ട് ഇല്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 19/16-17/3.7.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. 1,90,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-6 ഐ.എ.വൈ. - പദ്ധതിക്കായി തുക ചെലവഴിച്ചത് - രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്

2016-17 വർഷത്തിൽ ഐ.എ.വൈ പഞ്ചായത്ത് വിഹിതമായി താഴെപ്പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ | തീയതി | തുക | പ്രോജക്ട് നമ്പർ | പ്രോജക്ട് |
|---|---|---|---|---|
| 17/16-17 | 25.11.16 | 80,000 | 60/17 | ഐ.എ.വൈ ഭവനപദ്ധതി ജനറൽ |
| 18/16-17 | 25.11.16 | 6,00,000 | 61/17 | ഐ.എ.വൈ,ടി.എസ്.പി. |

ആകെ 6,80,000/- മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി. താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

- തൻവർഷം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റുകൾ
- ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ലിസ്റ്റുകളിൽ എഗ്രിമെന്റ് വെച്ചവരുടെ ലിസ്റ്റ്
- തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം.

ഓഡിറ്റ് എൻക്വയറി നം 21 തീയതി 4.7.17 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. 6,80,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-7 സമഗ്രതോട്ടവിള കൃഷി വികസനം-പദ്ധതി നടപ്പിലാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 79/17 |
| പ്രോജക്ട് | സമഗ്ര തോട്ടവിള കൃഷി വികസനം |
| അടങ്കൽ | 5,33,340/- |
| ഫണ്ട് | വികസനഫണ്ട് 4,00,000/-, ഗുണഭോക്തൃവിഹിതം-1,33,340/- |
| ചെലവഴിച്ച തുക | 5,33,340/- |
| ബിൽ നമ്പർ | 3/31.3.17- |
| നിർവഹണം | കൃഷി ഓഫീസർ |

കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷന്റെ പ്രോഫോർമ ഇൻവോയിസ് പ്രകാരം 53,334/- കുരുമുളക് തൈകൾ ഒന്നിന് 10 രൂപ പ്രകാരം വാങ്ങി 339 കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയത്. 75% വികസനഫണ്ടും 25 % ഗുണഭോക്തൃവിഹിതവും ആണ് ചെലവഴിച്ചത്. എന്നാൽ കുരുമുളക് തൈകൾ വാങ്ങി വിതരണം ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-7/16-17 /30.6.2017 ന് നൽകിയ മറുപടിയിൽ 5,33,334/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തുസൂക്ഷിച്ചിട്ടുണ്ടെന്നും പദ്ധതി അംഗീകാരം ലഭിച്ചതും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും 2017 ഫെബ്രുവരി മാസത്തിൽ ആയതിനാൽ പദ്ധതി തുക ലാപ്സ് ആകാതെ മാർച്ച് മാസത്തിൽ തുക മാറി വെച്ചതാണെന്നും ജൂണിൽ മഴ ലഭിച്ചതിനു ശേഷം തൈകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചത് എന്നുമാണ് അറിയിച്ചത്. കൂടാതെ ജൂണിൽ റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനുമായി ബന്ധപ്പെട്ടപ്പോൾ തൈകൾ വളർച്ചയെത്താത്തതിനാൽ വിതരണം ചെയ്യാൻ കഴിഞ്ഞില്ലയെന്നും ഉടനെ വിതരണം ചെയ്യുമെന്നും അറിയിച്ചു. പദ്ധതി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 5,33,334/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 ഫണ്ട് വിനിയോഗിക്കുന്നതിലെ അപാകങ്ങൾ

2016-17 വർഷം അഗ്രികൾച്ചർ ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ഫണ്ടുകൾ വിനിയോഗിച്ചതിൽ അപാകങ്ങൾ വന്നിട്ടുണ്ട്.

ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുകകൾ എസ്.ബി.ടി കൽപ്പറ്റയുടെ 57068212110 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും ചെലവുകൾ വരുത്തുകയാണ് ചെയ്തത്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയുടെ വിവരങ്ങൾ

രജിസ്റ്ററിൽ എഴുതിസൂക്ഷിച്ചിട്ടില്ല. 1.6.17 ന് അക്കൗണ്ടിൽ 79,588/- രൂപ ബാക്കിയുണ്ട്. ഇത് ഏത് പ്രോജക്ടിന് വേണ്ടി പിൻവലിച്ച തുകയാണെന്ന് വ്യക്തമല്ല.

നെൽകൃഷി സബ്സിഡി പദ്ധതിക്കുവേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക ചെലവഴിച്ചിട്ടില്ല. ഈ തുക നിലവിൽ 2,10,000/- രൂപ സെക്രട്ടറിയുടെ ടി.എസ്.ബി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും ആയതിനുള്ള വിഹിതം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിലും വന്ന അപാകത കാരണമാണ് പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച വന്നത്. ഓഡിറ്റ് എൻക്വയറി നമ്പർ-11/16-17/3.7.2017 പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടുമില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9. നെൽകൃഷി വികസനം -കൂലിച്ചെലവ് സബ്സിഡി അനുവദിച്ചതിൽ അപാകങ്ങൾ

2016-17 വർഷം നെൽകൃഷി വികസനം -കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി രണ്ട് പ്രോജക്ടുകൾ അഗ്രികൾച്ചർ ഓഫീസർ നടപ്പാക്കിയിട്ടുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 75/17 |
| പ്രോജക്ട് | നെൽകൃഷി വികസനം - ടി.എസ്.പി |
| ചെലവഴിച്ച തുക | 9,000/- |
| ബിൽ നമ്പർ/തീയതി | 2/16-17/31.1.17 – 9000/- |

ലിസ്റ്റ് പ്രകാരം നാല് ഗുണഭോക്താക്കളെ അംഗീകരിച്ചുവെങ്കിലും രണ്ടുപേർക്കു മാത്രമാണ് ധനസഹായം നൽകിയത്. ബാങ്കിൽ തുക നൽകിയതിന്റെ വിവരങ്ങളും കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല. കൃഷി നടത്തുന്നുവെന്ന രേഖകളോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ ഇല്ല. സംയുക്ത പ്രോജക്ടായല്ല പ്രവൃത്തി നടപ്പാക്കിയത്. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.1.16 ലെ ജി.ഒ.(എം.എസ്) 4/16 കാണുക). അതുകൊണ്ട് തന്നെ ലഭ്യമായ ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. പിൻവലിച്ച തുക കർഷകരുടെ അക്കൗണ്ടിൽ ക്രഡിറ്റായ വിവരം, കൃഷി നടത്തിയ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 73/17 |

| | |
|---|---|
| പ്രോജക്ട് | നെൽകൃഷി വികസനം - ജനറൽ |
| ചെലവഴിച്ച തുക | 2,01,001/- |
| ബിൽ നമ്പർ/തീയതി | 1/16-17/31.1.17 – 1,26,966/- |
| | 5/16-17/31.3.17 – 74,035/- |

ബാങ്കിൽ തുക നൽകിയതിന്റെ മുഴവൻ വിവരങ്ങളും കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല. കൃഷി നടത്തുന്നുവെന്ന രേഖകളോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ ഇല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.1.16 ലെ ജി.ഒ.(എം.എസ്) 4/16 പ്രകാരം നെൽകൃഷി വികസനം - കൂലിച്ചെലവ് സബ്സിഡി പദ്ധതിക്ക് 50% തുക ജില്ലാപഞ്ചായത്ത് വകയിരുത്തേണ്ടതാണ്. പ്രോജക്ടിലെ ധനകാര്യ വിശകലനത്തിൽ ജില്ലാ/ബ്ലോക്ക് വിഹിതങ്ങൾ വകയിരുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് എൻക്വയറി - 04/16-17 /29.06.2017 പ്രകാരം വിവരം ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ തുക വിതരണം ചെയ്ത വിവരങ്ങൾ ബാങ്കിൽ നിന്ന് ശേഖരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത രേഖകളുടെ അഭാവത്തിൽ 2,01,001/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10. അടുക്കള തോട്ടം വനിത - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ

2016-17 വർഷം അടുക്കള തോട്ടം വനിത -ഗ്രോ ബാഗുകൾ നൽകുന്നതിനായി രണ്ട് പ്രോജക്ടുകൾ അഗ്രികൾച്ചർ ഓഫീസർ നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 78/17 |
| പ്രോജക്ട് | അടുക്കള തോട്ടം വനിത ടി.എസ്.പി |
| ചെലവഴിച്ച തുക | 55,500/- (വികസനഫണ്ട്, -41,625ഗുണഭോക്തൃവിഹിതം-13,875) |
| ബിൽ നമ്പർ/തീയതി | 6/16-17/31.3.17 – 41625. |

750 ഗ്രോബാഗുകൾ വാങ്ങി 25 എണ്ണം വീതം വിതരണം ചെയ്യുകയാണ് ചെയ്തത്

| | |
|---|---|
| പ്രോജക്ട് നമ്പർ | 76/17 |

| | |
|---|---|
| പ്രോജക്ട് | അടുക്കള തോട്ടം വനിത ജനറൽ |
| ചെലവഴിച്ച തുക | 67,710/-(വികസനഫണ്ട് -2,03,130, ഗുണ. വിഹിതം-67,710/-) |
| ബിൽ നമ്പർ/തീയതി | 4/16-17/31.3.17 – 203130 |

3660 ഗ്രോബാഗുകൾ വാങ്ങി 25 എണ്ണം വീതം വിതരണം ചെയ്യുകയാണ് ചെയ്തത്. മാതൃകാ കാർഷികസേവനകേന്ദ്രം, മുട്ടിൽ എന്ന സ്ഥാപനത്തിൽ നിന്ന് ആണ് ഗ്രോബാഗുകൾ വാങ്ങി വിതരണം ചെയ്തത്. ടെണ്ടർ ചെയ്തതിന്റെ വിവരങ്ങൾ, ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങൾ, പർച്ചേസിംഗ് കമ്മിറ്റി വിവരങ്ങൾ, മോണിറ്ററിംഗ് കമ്മിറ്റി വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. ഓഡിറ്റ് എൻക്വയറി - 06/16-17 /29.06.2017 പ്രകാരം വിവരം ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. 2,44,755/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11. ആയുർവ്വേദ മരുന്നുകൾ വാങ്ങൽ - അപാകതകൾ 69,551/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0138/16-17 |
| പ്രോജക്ട് | ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,50,000/- |
| ചെലവഴിച്ച തുക | 2,50,000/- |
| ബിൽ നമ്പർ | 1/ 2016-17തീയ്യതി,23.12.16 |
| നിർവഹണം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

2016-17 സാമ്പത്തികവർഷം വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന് 2,50,000 രൂപ അടങ്കൽ നിശ്ചയിച്ച് വികസനഫണ്ടിൽ(മെയിന്റനൻസ് ഫണ്ട്, റോഡിതരം) തുക വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ,ആയുർവ്വേദം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്ക് 2,50,000/- രൂപ 2016-17 സാമ്പത്തികവർഷം ചെലവഴിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കാൻ ഔഷധി, തൃശ്ശൂർ. എന്നസ്ഥാപനത്തിന് 4.1.2017തീയ്യതിയിൽ തുകനൽകി യെങ്കിലും (ഡി.ഡി.നം. 770668, തീയ്യതി. 4.1.16കനറാ ബാങ്ക്, വൈത്തിരി.) 12.6.2017 വരെ 1,80,449/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 69,551/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്. മുഴവൻ തുകയ്ക്കുള്ള മരുന്നുകളും തുക പിൻവലിച്ച്

6മാസമായിട്ടും ലഭ്യമാക്കാത്തതിന് ഓഡിറ്റ് എൻക്വയറിനം. 14/2016-17./29.6.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 69,551/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-12 . പാലിയേറ്റീവ്കെയർ (ഹോംകെയർ)-അധിക ചെലവും മറ്റ് അപാകതകളും:

| | |
|---|---|
| പ്രോജക്ട് നമ്പർ | S0103/16-17 |
| പ്രോജക്ട് | പാലിയേറ്റീവ്കെയർ (ഹോംകെയർ) |
| അടങ്കൽ | 4,97,377/-വികസനഫണ്ട്. |
| ചെലവ് | 118610/- ബിൽ നം 1/ 2016-17തീയ്യതി,15.11.16 |
| | 28230/ " 2/ 2016-17തീയ്യതി,15.12.16 |
| | 79,990/ " 3/ 2016-17തീയ്യതി,20.3.17 |
| | 2,70,547 " 5/ 2016-17തീയ്യതി,24.3.17 |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വെങ്ങപ്പള്ളി |

2016-17 സാമ്പത്തികവർഷം വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ്കെയർ (ഹോംകെയർ) എന്ന പ്രോജക്ടിന് 4,97,377/- രൂപ അടങ്കൽ നിശ്ചയിച്ച് വികസനഫണ്ടിൽ(മെയിന്റനൻസ് ഫണ്ട്, റോഡിതരം) തുക വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്ക് 4,97,377/- രൂപ 2016-17 സാമ്പത്തികവർഷം ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ്കെയർ (ഹോംകെയർ)ന്റെ ചെലവുകളായ നഴ്സിന്റെ ഹോണറേറിയം, വാഹനവാടക, ലഘുഭക്ഷണം, മരുന്ന് വാങ്ങൽ എന്നിവയ്ക്കാണ് തുക ചെലവഴിച്ചത്. ഇതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. വൈത്തിരി സബ്ട്രഷറി ൽനിന്ന്15.11.2016ന് പിൻവലിച്ച118,610/- രൂപയിൽ 4/2016ലെ ഭക്ഷണച്ചെലവായ2,000/- രൂപ (250x8=2000)യുടെ വൗച്ചറിന് പകരം 2,240/- രൂപ (വൗച്ചർനം.4/16-17) ചെലവ് രേപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 240/- രൂപ അധികം കാണിച്ചിരിക്കുന്നു. (ഹോട്ടൽ ഡീലക്സ്, പിണങ്ങോട്,ബിൽനം 477).
2. വൈത്തിരി സബ്ട്രഷറിൽനിന്ന് 24.3.2017ന് പിൻവലിച്ച 2,70,547/- രൂപയിൽ. രോഗികൾക്കാവശ്യമായ ബാക്ക്റസ്റ്റ്, കമ്മോഡ്ചെയർ എന്നിവ വാങ്ങുന്നതിന് 20,500/- രൂപ ചെലഴിച്ചിട്ടുണ്ട്. (വൗച്ചർനം.27, 28 23.4.17, 24.3.17, Standerd Surgicals, Calicut, ബിൽ നം 1877,1878).ഇതിൽ ബാക്ക്റസ്റ്റിന് 7,000/- രൂപയും,

കമ്മോഡ്ചെയർന് 13,500/- രൂപയുമാണ്. 20,500/- രൂപയുടെ ചെലവ് തുകയ്ക്ക് ക്വട്ടേഷനുകൾ ക്ഷണിക്കാതെയാണ് സാധന സാമഗ്രികൾ വാങ്ങിയത് ക്ഷണിക്കാതെ സാധന സാമഗ്രികൾ വാങ്ങിയ 20,500/- രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.

## **3-13.** സാക്ഷരതാ, തുല്യതാ പരീക്ഷാ ചെലവുകൾ-ചെലവ് രേഖകൾ-അപൂർണ്ണം ചെലവ് തുക, **60,000/-** രൂപ തടസ്സത്തിൽ വയ്ക്കുന്നു:

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0066/17 |
| പ്രോജക്റ്റ് | സാക്ഷരത |
| അടങ്കൽ | 60,000/- വികസനഫണ്ട്. |
| ചെലവ് | 60,000/- ബിൽ നം. 3/16-17 തീയതി,28.3.17 |
| നിർവഹണം | ഹെഡ് മാസ്റ്റർ |

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തികവർഷം 60,000/- രൂപ അടങ്കൽ നിശ്ചയിച്ച് സാക്ഷരതാ തുല്യതാ പരീക്ഷാ ചെലവുകൾ, ഫീസ് എന്നിവ നല്കുന്നതിനായി വികസന ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്ക് 60,000/- രൂപചെലവഴിച്ചിട്ടുണ്ട്. സാക്ഷരത, നാലാംക്ലാസ്, ഏഴാംക്ലാസ്, പത്താംക്ലാസ്, ഹയർസെക്കണ്ടറി, തുല്യതാപഠനത്തിനുവേണ്ടിയാണ് തുക ചെലവഴിച്ചത്. ഓഡിറ്റിന് ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഇൻസ്ട്രക്ടർമാരുടെഓണറേറിയത്തിന് 25,000/-രൂപ, നോട്ട്പുസതകം4,500/- രൂപ, പഠന സംഗമത്തിന് 3,580/- രൂപ, ലഘുഭക്ഷണം 720/-രൂപ, പഠനോപകരണത്തിന് 2,930/- രൂപ, ഫോട്ടോസ്റ്റാറ്റ് 470/- രൂപ, ഫോട്ടോ 600/- രൂപ, തുല്യതാകോഴ്സ് ഫീ 22,200/- രൂപ എന്നിങ്ങനെ ആകെ 60,000/- രൂപയാണ് ചെലവഴിച്ചത്. എന്നാൽ പഠനോപകരണത്തിന് 2,930/- രൂപ ചെലവഴിച്ചതിന് ഹാജരാക്കിയAL HARAMAIN TRADERS, Pinangodeഎന്ന സ്ഥാപനത്തിലെ ബിൽ നം. 186,18.12.2015തിയ്യതിയിലെയാണ്. ഇതേസ്ഥാപന ത്തിൽനിന്ന് 4,500/- രൂപയുടെ നോട്ട്പുസ്തകം വാങ്ങിയതിന്റെ ബിൽ നം. 180,10.1.2016 തീയതിയിലെതാണ്. കൂടാതെ ഓഡിറ്റിന് ഹാജരാക്കിയ ബില്ലുകളൊന്നുംതന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവ് രേഖയായി പാസാക്കിയിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ പ്രോജക്ടിന് 2015-16 വർഷത്തെ ചെലവ് ബിൽ ഹാജരാക്കിയതിന് ഓഡിറ്റ് എൻക്വയറി നം. 15/29.6.17 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 60,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-14 വി.ഇ.ഒ.നടപ്പിലാക്കിയ പദ്ധതികൾ - ക്യാഷ്ബുക്ക്, അക്കൗണ്ട് എന്നിവ ക്രമപ്പെട്ടുത്തേണ്ടതാണ്.

2016-17 സാമ്പത്തികവർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കക്കൂസ് നിർമ്മാണം (ജനറൽ), കക്കൂസ് നിർമ്മാണം (എസ്.ടി) എന്നിവയ്ക്കുവേണ്ടി ബിൽ നം.1/16-17/31.10.16, 9,24,000/- രൂപ. ബിൽ നം. 3/16-17/ 14.12.16 61,6000രൂപ.ബിൽനം.2/16-17/17.11.16 15,40,000രൂപ.ബിൽനം.4/1617/31.12.16 8,93,200രൂപ എന്നീ ബില്ലുകൾ പ്രകാരം തുകകൾ വൈത്തിരി സബ്ബ് ട്രഷറിയിൽ നിന്ന്പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ T.R.7Aക്യാഷ് ബുക്കിൽ വരവ് ഭാഗത്തോ, ചെലവ് ഭാഗത്തോ രേഖപ്പെടുത്തിയിട്ടില്ല.

വി.ഇ.ഒ.യുടെ കേരള ഗ്രാമീൺബാങ്ക് പിണങ്ങോട് ബ്രാഞ്ചിലെ 40141100107950നം. അക്കൗണ്ടിൽ 7.6.17 തീയ്യതിയിൽ പ്ലാൻഫണ്ടിലെ 18,219.50 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതു പ്രോജക്ടിനുവേണ്ടിയാണോ പിൻവലിച്ചത് എന്ന് വ്യക്തത വരുത്തി തിരിച്ചടവാക്കിയിട്ടില്ല.

വി.ഇ.ഒ യുടെ കേരള ഗ്രാമീൺ ബാങ്ക് പിണങ്ങോട് ബ്രാഞ്ചിലെ അക്കൗണ്ട് നം. 40141100107647, ൽ 21.6.17 തീയ്യതിയിൽ ടി.എസ്. സി. ഫണ്ടിൽ 1,56,139.50 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതു പ്രോജക്ടിനുവേണ്ടിയാണോ പിൻവലിച്ചത് എന്ന് വ്യക്തതവരുത്തി തുടർനടപടി സ്വീകരിച്ചിട്ടില്ല. ഇവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 22/201617/4.7.2017നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-15. പാൽ ഉത്പാദകർക്ക് ബോണസ്-പിൻവലിച്ച തുക മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. 11,923/- രൂപ തടസ്സപ്പെട്ടുത്തുന്നു. പ്രോജക്ട് നമ്പർ

| | |
|---|---|
| | S0048/17 |
| പ്രോജക്ട് | പാൽ ഉത്പാദകർക്ക് ഉത്പാദക ബോണസ് |
| അടങ്കൽ | 4,00,000/- വികസനഫണ്ട്. 3,90,000/- (മറ്റുള്ളവ) |
| ചെലവ് | 4,00,000/- ബിൽ നം. 3/16-17 തീയതി,28.3.17 |
| ബിൽ നം. | 9/16-17 തീയ്യതി,30.3.17 |
| നിർവഹണം | വെറ്ററിനറി സർജൻ |

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് 7,90,000/- രൂപ അടങ്കൽ നിശ്ചയിച്ച്

(4,00,000/വികസന ഫണ്ട്, 3,90,000/മറ്റുള്ളവ)പാൽ ഉത്പാദകർക്ക് ഉത്പാദക ബോണസ് നല്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥ നായി നടപ്പിലാക്കിയ പദ്ധതിക്ക് 4,00,000/-രൂപ ചെലഴിച്ചിട്ടുണ്ട്. (ബിൽ നം.9/16-17 തീയതി 30.3.2017, സബ്ട്രഷറി, വൈത്തിരി) നിർവ്വഹണോദ്യോഗസ്ഥൻ തുക പിൻവലിച്ച് ക്ഷീരസംഘം വഴി കർഷകർക്ക് വിതരണം ചെയ്യുന്നതിനായി തെക്കുംതറ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് (വയനാട് ജില്ലാ സഹകരണ ബാങ്ക്, കല്പറ്റ). 30.3.2017ന് ട്രഷറിയിൽ നിന്ന് 4,00,000/- രൂപ പിൻവലിച്ചെങ്കിലും 3,88,707/- രൂപ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 11,923 രൂപ കർഷകർക്ക് വിതരണം ചെയ്യാത്തതിന് ഓഡിറ്റ് എൻക്വയറി നം. 12/16-17.29.6.17നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കർഷകർക്ക് വിതരണം ചെയ്യാൻ ബാക്കിയുള്ള 11,923/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-16. പട്ടികവർഗ്ഗ വീട് വയറിംഗ്-തുക മുൻകൂർപിൻവലിച്ചു

2016-17 വർഷം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പട്ടികവർഗ്ഗ വീട് വൈദ്യുതീകരണം-പ്രോജക്ടിന് വേണ്ടി പിൻവലിച്ച തുകയുടെ വിനിയോഗവിവരം ഇല്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 51/17 |
| പ്രോജക്ട് | എസ്.ടി വീട് വൈദ്യുതീകരണം |
| അടങ്കൽ | 2,81,105/- |
| ഫണ്ട് | വികസനഫണ്ട് ടി.എസ്.പി. |
| ചെലവഴിച്ച തുക | 2,81,105/- |
| ബിൽ നം. | 3/16-17/28.03.2017 2,71,105/- |
| | 4/16-17 /28.03.2017 തുക – 10,000/- |
| ആകെ | 2,81,105/- |
| നിർവഹണം | വെറ്ററിനറി സർജൻ |

വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വീട് വൈദ്യുതീകരിക്കുന്ന തിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നോ ഊരുകൂട്ടത്തിൽ നിന്നോ തെരഞ്ഞെടുത്തതിന്റെ വിവരം ലഭ്യമല്ല. എന്നാൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തത്, 21.02.2017 ലെ 12/3 നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു. പ്രസ്തുത ലിസ്റ്റ് പ്രകാരമാണ്

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

വീട് വയറിംഗ് നടത്തി കെ.എസ്.ഇ.ബി യിൽ സി.ഡി. അടച്ച രണ്ട് ഗുണഭോക്താക്കൾക്ക് 5,000/-രൂപാ വീതം (ഷീലാ നായാടി പൊയ്യിൽ, പൊക്കി അമ്പലക്കുന്ന്) 4/28.03.2017 പ്രകാരം മാറിയ10,000/-രൂപ നൽകിയിട്ടുണ്ട്. 28.03.2017 ലെ 3/16-17 പ്രകാരം മാറിയ 271105/- രൂപ നാളിതുവരെ ചെലവഴിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി നടത്തിപ്പിനായി തുടങ്ങിയ പിണങ്ങോട് കേരള ഗ്രാമീൺ ബാങ്കിൽ (4014110010834 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി നടപ്പിലാക്കാതെ പദ്ധതി തുക മുൻകൂർ പിൻവലിച്ചതിനും വ്യക്തിഗത ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നോ, ഊരുകൂട്ടത്തിൽ നിന്നോ തെരഞ്ഞെടുക്കാത്തതിനും വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-18/16-17/ 03.07.2017. ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടപ്പിലാക്കാതെ പദ്ധതി തുക മുൻകൂർ പിൻവലിച്ചതിനും വ്യക്തിഗത ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നോ,ഊരുകൂട്ടത്തിൽ നിന്നോ തെരഞ്ഞെടുക്കാത്തതിനും വ്യക്തമായ കാരണം വിശദീകരിക്കേണ്ടതും,പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അല്ലാത്തപക്ഷം പിൻവലിച്ച തുക തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17. അംഗൻവാടികളിൽ പോഷകഹാരം വിതരണം- തുക കൈപ്പറ്റ് ചീട്ട് ലഭ്യമല്ല

2016-17സാമ്പത്തിവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ താഴെ പറയുന്ന രണ്ട് പ്രൊജക്ടുൾക്ക് വികസനഫണ്ടിൽ നിന്ന് 12,35,207/-രൂപ പിൻവലിച്ചിട്ടുണ്ട്. (സബ്ബ് ട്രഷറി, വൈത്തിരി). അംഗൻവാടികളിൽ പോഷകഹാരം വാങ്ങുന്നതിനുവേണ്ടിയാണ് തുക ചെലവഴിച്ചതെങ്കിലും പോഷകഹാരം ലഭ്യമാക്കിയ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് ചീട്ട് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | സ്ഥാപനം | ബിൽ നം | തുക |
|---|---|---|---|---|---|
| 1 | 74/17 | അംഗൺവാടി പോഷകഹാരം (ജനറൽ) | അമൃതം പ്രൊഡക്സ്റ്റ് | 27/30.09.16 | 47250 |
| | | | | 29/27/10/16 | 48195 |
| | | | | 32/05/01/17 | 49707 |
| | | | സപ്ലൈകോ | 62471/14..16 | 198197 |

| | | | | | |
|---|---|---|---|---|---|
| | | | കൽപ്പറ്റ | | |
| | | | | | 343349/- |
| 2 | 80/17 | അംഗൺവാടി പോഷകഹാരം (എസ്.ടി) | മൈത്രി ന്യൂട്രിമിക്സ് വട്ടവൻചാൽ | 818849 | 149688 |
| | | | സപ്ലൈകോ കൽപ്പറ്റ | 818848 | 558007 |
| | | | അമൃതം ഫുഡ് പ്രൊഡക്സ് | 815847 | 144774 |
| | | | | | 852469/ |

ക്രമ നമ്പർ 1 പ്രകാരമുള്ള പദ്ധതിയിൽ 13/02/2017 ലെ 03/16-17 പ്രകാരം 382738/- രൂപയുടെ ബിൽ മാറുകയും വണ്ടിക്കൂലിയിനത്തിൽ 39,389/-രൂപ നൽകുകയും ചെയ്യതിട്ടുണ്ട്. ബാക്കിയുള്ള 3,43,349/-രൂപ വൈത്തിരി സബ്ബ് ട്രഷറിയിൽ നിന്ന് NEFT വഴി ഫണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ 2 പ്രകാരമുള്ള പദ്ധതിയിൽ 13/12/2016 ലെ 01/16-17 പ്രകാരം 8,52,469/- രൂപയുടെ ബിൽ മാറുകയും ഡി.ഡി. മുഖേന തുക കൈമാറുകയും ചെയ്തതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പോഷകാഹാരം ലഭ്യമാക്കിയ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ വിവരം നല്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 05/29/06/2017 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് ചീട്ട് ലഭ്യമാക്കാത്ത 11,95,818/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 ഐ.സി.ഡി.എസ് സൂപ്പർവൈസർ- അക്കൗണ്ട്സൂക്ഷിപ്പ് -പാകങ്ങൾ

1. ഐ.സി.ഡി.എസ് സൂപ്പർവൈസർ, പദ്ധതി നിർവ്വഹണത്തിനായി കേരള ഗ്രാമീൺ ബാങ്ക് പിണങ്ങോട് ശാഖയിൽ ആരംഭിച്ച 40141100107951 അക്കൗണ്ടിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 25.04.2017 ന് 8,737/-രൂപ നീക്കിബാക്കിയുണ്ട്. എന്നാൽ ഈ തുക ഏത് പദ്ധതി പ്രകാരം നീക്കിബാക്കിയുള്ളതാണ് വ്യക്തമല്ല. ആയതിന് വ്യക്തതവരുത്തി പിൻവലിച്ച അക്കൗണ്ടിൽ തുക തിരികെ അടവാക്കേണ്ടതാണ്
2. അക്കൗണ്ട് നം. 40141100107951ൽ 12/07/2016ന് 1,40,000/- ഡെപ്പോസിറ്റ്

ചെയ്യുകയും, ഈ തുക ഡി.ഡി ആക്കുന്നതിന് അന്നേ ദിവസം തന്നെ പിൻവലിച്ചതായി ബാങ്ക് പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ അന്നേ ദിവസമോ അതിന് തൊട്ട് അടുത്ത ദിവസങ്ങളിലോ ക്യാഷ് ബുക്ക് പ്രകാരം എൻട്രികളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3. കേന്ദ്രവിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് തൻവർഷം ഐ.സി.ഡി.എസ്. സൂപ്പർ വൈസർ 49,055/- രൂപ ചെക്കായി കൈപ്പറ്റി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ചെലവ് പത്രിക പ്രകാരം 20,653/-രൂപ ചെലവഴിച്ചത് ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് 18/29/06/2017 ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ട് അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 3-19 ടെണ്ടർ കുറവ് സ്വീകരിച്ചില്ല പഞ്ചായത്തിനുണ്ടായ നഷ്ടം 47,400/രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. എഞ്ചിനിയർ.

പ്രോജക്റ്റ് വിവരങ്ങൾ ചുവടെചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 38/17 |
| പ്രവൃത്തിയുടെ പേര് | റേഷൻ കട താഴെ നടപ്പാത കോൺക്രീറ്റ്. |
| അടങ്കൽ | 3,00,000/- രൂപ |
| ഫണ്ടിനം | കേന്ദ്ര ഫണ്ട്. |
| കോൺട്രാക്ടർ | ശ്രീ. ഹരീഷ് പി.ബി. |
| എഗ്രിമെന്റ് നമ്പർ | 25/16-17 തിയ്യതി /6-2-17 |
| എം.ബുക്ക് നമ്പർ | 13/16-17 |
| ചെലവ് | 3,00,000/-രൂപ |
| വൗച്ചർ നമ്പർ | 18/23-03-2017 |
| ഡിഡി നമ്പർ | 9714/23-3-17 |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

പ്രസ്തുത പ്രവൃത്തിയ്ക്ക് രണ്ട് ടെണ്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്.

27-12-2016 ന് പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ ശ്രീ. സെബാസ്റ്റ്യൻ എം.എ. ലഭ്യമാക്കിയ ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക് 8.1 % കുറവ് പ്രസ്തുത ടെണ്ടർ സ്വീകരിച്ചില്ല. 23-1-2017ന് ശ്രീ.ഹരീഷ് ലഭ്യമാക്കിയ ടെണ്ടറിൽ ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്ക്. പ്രസ്തുത ടെണ്ടർ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് (തീരുമാനം നമ്പർ 24-01-2017) കുറഞ്ഞ ടെണ്ടർ സ്വീകരിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ചുവടെചേർക്കുന്നു.

പ്രവൃത്തി മൂല്യം 3,00,000/ രൂപ .ആയതിന്റെ 8.1 % കുറവ് 24,300/ രൂപ

ബി)

| | |
|---|---|
| പ്രോജക്ട് നംമ്പർ | 85/17 |
| പ്രവൃത്തിയുടെ പേര് | മാതലോട് കോളനി റോഡ് കോൺക്രീറ്റ്. |
| അടങ്കൽ | 300,000/ രൂപ |
| ഫണ്ടിനം | കോന്ദ്രാവിഷ്കൃതം |
| കോൺട്രാക്ടർ | ശ്രീ.കെ. ഉണ്ണികൃഷ്ണൻ |
| എഗ്രിമെന്റ് നമ്പർ | 20/16-17-തിയ്യതി 8-03-2017 |
| എം.ബുക്ക് നമ്പർ | 10/16-17 |
| ചെലവ് | 300,000/രൂപ |
| വൗച്ചർ നമ്പർ | 30/23-03-2017 |
| ഡിഡി നമ്പർ | 9708/07-3-17 |

പ്രസ്തുത പ്രവൃത്തിയ്ക്ക് രണ്ട് ടെണ്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്.

27-12-2016 ന് പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ ശ്രീ.സെബാസ്റ്റ്യൻ. എം.എ. ലഭ്യമാക്കിയ

ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക് 7.7 % കുറവ്. പ്രസ്തുത ടെണ്ടർ സ്വീകരിച്ചില്ല. 23-1-2017ന് ശ്രീ.ഹരീഷ് ലഭ്യമാക്കിയ ടെണ്ടറിൽ ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്ക്. പ്രസ്തുത ടെണ്ടർ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. (തീരുമാനം നമ്പർ 24-01-2017) കുറവ് ക്വാട്ട് ചെയ്ത് ടെണ്ടർ സ്വീകരിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 23,100/- രൂപ.

സിംഗിൾ ടെണ്ടറായതിനാലാണ് കുറവ് നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ സ്വീകരിക്കാത്തത് എന്ന് ഭരണസമിതി തീരുമാനം (13/5 തിയ്യതി -27-12-16) ഫയലിലുണ്ട്. റീ-ടെണ്ടർ വിളിച്ചിട്ടും എസ്റ്റിമേറ്റ് നിരക്കിൽ സിംഗിൾ ടെണ്ടറാണ് ലഭിച്ചിട്ടുള്ളത്. ആ നിലയ്ക്ക് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം കണക്കിലെടുത്ത് ഭരണസമിതി തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടറുകൾ സ്വീകരിക്കാമായിരുന്നു. ആയത് പാലിച്ചില്ല. റീ-ടെണ്ടർ ചെയ്യുമ്പോൾ ആദ്യം ലഭിച്ച ടെണ്ടർ സ്വീകാര്യമല്ലെങ്കിൽ ക്യാൻസൽ ചെയ്യേണ്ടതായിരുന്നു. രണ്ട് പ്രൊജക്ട് ഫയലുകളിലും എസ്റ്റിമേറ്റ് നിരക്കിനേക്കാളും കുറവ് ക്വാട്ട് ചെയ്ത ടെണ്ടർ ക്യാൻസൽ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ പ്രസ്തുത ടെണ്ടറുകൾക്ക് നിലവിൽ നിയമസാധുതയുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 24/1-07-2017) ലഭിച്ച മറുപടി "സിംഗിൾ ടെണ്ടറായതിനാലാണ് നിരസിച്ചത്" എന്നാണ്. മറുപടി തൃപ്തികരമല്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 47,400/രൂപ (23,100+24,300) ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-20 കേരള കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫെയർ ഫണ്ട് ഒടുക്ക് -കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം അസി എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ, വിവിധ മരാമത്ത്പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1,09,081/- രൂപ അസി. എഞ്ചിനിയർ നിർമ്മാണ തൊഴിലാളി ക്ഷേമനിധി അക്കൗണ്ട്സ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 50,633/രൂപ ട്രഷറിയിൽനിന്നും NEFT വഴിയും 58,448/- രൂപ ഡിഡി ആയുമാണ് നൽകിയത് വിവരം ചുവടെപറയുന്നു

| ക്രമ നമ്പർ | ഡിഡി നമ്പർ | തുക |
|---|---|---|
| 1 | 770597/21-10-2016 | 6,334/- |
| 2 | 770620/18-11-2016 | 3000/- |

| | | |
|---|---|---|
| 3 | 729719/24-06-2016 | 30,384/- |
| 4 | 818914/31-03-2017 | 12,671/- |
| 5 | 818900/23-03-2017 | 6059/- |
| ആകെ | | 58,448/- |

ഇത്തരത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിനത്തിൽ ആകെ സ്ഥാപനത്തിൽ ഒടുക്കിയ തുക 1,09,081/ രൂപ (50,633/രൂപ+58,448/രൂപ )തുക ട്രഷറിയിൽ നിന്നും NEFT വഴി പോയതിന് ട്രഷറി ഓഫിസറുടെ സാക്ഷ്യപത്രമോ, ഒടുക്കിയ തുക സ്ഥാപനം കൈപറ്റിയതിന് കൈപ്പറ്റ് രശീതോ ഫയലില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-21 കുവപ്പള്ളി പഞ്ചാബ് റോഡ് സോളിംഗ്, മെറ്റലിംഗ്-ടാറിംഗ്-പ്രവൃത്തി നടത്തിപ്പിലെ അപാകത-6,15,869/രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ:- അസി. എൻജിനിയർ.

തൻവർഷം അസി. എൻജിനിയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, കുവപ്പള്ളി പഞ്ചാബ് റോഡ് സോളിംഗ്, മെറ്റലിംഗ്-ടാറിംഗ് -പ്രവൃത്തി നടത്തിപ്പിലെ അപാകത ശ്രദ്ധയിൽപ്പെട്ടു. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 143/15,167/16, 33/17 |
| പേര് | കുവപ്പള്ളി പഞ്ചാബ് റോഡ് സോളിംഗ്, മെറ്റലിംഗ്-ടാറിംഗ് |
| വകയിരുത്തിയ തുക | 7,28,768/ രൂപ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് |
| കൺവീനർ | ശ്രീ.കെ.മൊയ്തീൻ |
| എഗ്രിമെന്റ് നമ്പർ | 48/15-16 തിയ്യതി 28-2 -2015 |

| | |
|---|---|
| ചെലവ് | 6,15,869/രൂപ |
| ബിൽ നമ്പർ/വൗച്ചർ നമ്പർ | 103/31-3-2017 |
| എം.ബുക്ക് നം. | 69/15-16 |

എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തി- നിലവിലുള്ള റോഡിന്റെ ഒരുഭാഗം 30m നീളത്തിൽ കല്ല് കെട്ടി ,അതിന് മുകളിൽ സിമന്റ് കോൺക്രീറ്റ് 7.5cm കനത്തിൽ ചെയ്യുക, 4 m നീളമുള്ള രണ്ട് RCC 45cm dia പൈപ്പ് സ്ഥാപിക്കൽ, പാച്ച് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .

ഇൻവോയ്സ് നമ്പർ 15141/29-2-16 പ്രകാരം, കൊച്ചിയിലെ സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും 19 ബാരൽ-VG30 (161.8 kg) ബിറ്റുമിൻ കൺവീനർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വില 1,00,122/ രൂപ (ബാരലിന് 4,698.54/-രൂപ നിരക്കിൽ 19 ബാരലിന് 89,272.26+വാറ്റ് 5% 2263.61=93,736+ ട്രാൻസ്പോർട്ടേഷൻ 6120+ സർവ്വീസ് ടാക്സ് 266 = ആകെ 1,00,122) നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവ് ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവ് കണക്കിൽ വന്നിട്ടില്ല. സമിതി അംഗീകരിച്ച വൗച്ചർ പ്രകാരമുള്ള ചെലവ് ചുവടെചേർക്കുന്നു.

| ഇനം | തുക |
|---|---|
| 36 mm മെറ്റൽ | 1,62,000 |
| 12 mm മെറ്റൽ | 48,000 |
| 6 mm മെറ്റൽ | 42,000 |
| 20 mm മെറ്റൽ | 6,000 |
| 60 mm മെറ്റൽ | 90,000 |
| ബോളർ | 3,000 |
| മണൽ | 5,000 |
| സിമന്റ് 10 ബാഗ് | 4,200 |
| സിമന്റ് പൈപ്പ് -8m | 12,000 |
| റോളർ വാടക | 50,000 |
| മസ്റ്റർറോൾ പ്രകാരംതൊഴിലാളികളുടെ കൂലി | 107900 |

| | |
|---|---|
| -ടി- | 2,11,500 |
| മണ്ണ് അടിച്ചതിന് ടിപ്പർ വാടക | 3000 |
| ആകെ | 7,44,600/- |

ടാർ വാങ്ങിയതിന്റെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

എസ്റ്റിമേറ്റിൽ ടാർ ചെയ്യേണ്ട ഏരിയ (20mm chipping carpet on W.B.M surface)1020 $m^2$. ആവശ്യമായ ബിറ്റുമിൻ 19 ബാരൽ(10$m^2$ ന് 29.10 kg). എന്നാൽ ചെയ്ത അളവ് 957 $m^2$ ആവശ്യമായ ബിറ്റുമിൻ 17ബാരൽ.85 kg.അതായത് 18 ബാരൽ.

ലഭ്യമാക്കിയ 19 ബാരൽ (VG 30) ഉൾപ്പെട്ട ബിറ്റുമിൻ 3074 .2 kg. പ്രവൃത്തിയ്ക്കായി ഉപയോഗിച്ചത് 2808kg. അധികം വാങ്ങിയ266.20kg പഞ്ചായത്തിന് തിരികെ ഏൽപ്പിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.-8/16-17 തിയ്യതി 29-6-2017)ലഭ്യമാക്കിയ മറുപടി "266.20 kg ടാറിന്റെ വില ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്ന താണെന്നാണ്". ആയതിനാൽ ചെലവഴിച്ച 6,15,869/-രൂപയിൽ 8,141/രൂപ (266.20 kg അതായത് 1.65 ബാരൽ x ബാരലിന് 4,698.54രൂപ= 7,753+വാറ്റ് 5% = 388/-രൂപ) ഓഡിറ്റിൽ അനുവദനീയമല്ല. മറുപടിയിൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ 6,07,728/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-22 പാർട്ട് ബിൽ നൽകി പ്രവൃത്തി പൂർത്തികരിച്ചില്ല.

നിർവ്വഹണം അസി. എഞ്ചിനിയർ

പ്രവൃത്തിവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | എസ് 120/17 |
| പ്രോജക്ടിന്റെ പേര് | തെക്കുംതറ ക്ഷീര സംഘം കെട്ടിടം മെയ്ന്റനൻസ്. |
| അടങ്കൽ | 175,000/- രൂപ മെ.ഗ്രാന്റ്. |
| ചെലവ് | 65,000/ രൂപ ബിൽ നമ്പർ 13/16-17- തിയ്യതി 3-3-17 |
| അളവ് പുസ്തകം | 14/16-17 |
| കരാറുകാരൻ | ശ്രീ. സി.കെ. നിസാർ |
| കരാർ നമ്പർ | 24/16-17 തിയതി 6-2-2017 |

| | |
|---|---|
| പൂർത്തികരണ കാലാവധി | രേഖപ്പെടുത്തിയിട്ടില്ല. |
| സൈറ്റ് കൈമാറിയത് | രേഖപ്പെടുത്തിയിട്ടില്ല. |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിഃ- നിലം ടൈലിടൽ,സ്റ്റെയർ കേസിന് ഷട്ടർ എന്നിവയ്ക്കായി വകയിരുത്തിയ തുക 63,577/രൂപ+ ഇലക്ട്രിഫിക്കേഷൻ 1,10,000+ unforeen tem 2314 ആകെ 175,000/ രൂപ.

സിവിൽ പ്രവൃത്തിയ്ക്കായി ടെണ്ടർ വിളിച്ച് പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. വയറിംഗ് പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് വേണ്ടി 28-1-2017 ന് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി.എക്സി.എഞ്ചിനിയർക്ക് കത്ത് നൽകിയതായി രേഖയുണ്ട്. തുടർ നടപടികളൊന്നും ഫയലില്ല.

ഒരേ വർഷം രണ്ട് പ്രോജക്ടുകളിലായാണ് പ്രവൃത്തി നടപ്പാക്കിയത്.(പ്രൊജക്ട് നമ്പർ 23/2017 വകയിരുത്തിയ തുക3,00,000 + പ്രൊജക്ട് 120/17വകയിരുത്തിയ തുക + 175,000/- രൂപ)

ബഹുവർഷ പ്രോജക്ടായല്ല പ്രവൃത്തി നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സബസിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ ജി ഒ (എം.എസ്.) 395/2013 തസ്വഭവ തിയതി 30-12-2013 പ്രകാരം നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകാണുന്നില്ല. നിർമ്മാണ പ്രവൃത്തികൾ പൂർണതയിൽ എത്തുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതും, തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി തയ്യാറാക്കേണ്ടതുമാണ്.ഭാഗീകമായി പ്രോജക്ട് തയ്യാറാക്കാൻ പാടില്ല. പൂർത്തികരണ വിവരം അറിയിക്കേണ്ടതാണ്.

# 3-23 ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവിനേക്കാൾ അധികം തുക കൺവീനർക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. എഞ്ചിനിയർ.

പ്രോജക്ട് വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 154/17 |
| പ്രവൃത്തിയുടെ പേര് | ചോലപുറം മൂഴിമൂല റോഡ് കോൺക്രീറ്റ് |
| അടങ്കൽ | 3,00,000/ രൂപ |

| | |
|---|---|
| ഫണ്ടിനം | ലോക ബാങ്ക് |
| കൺവീനർ | രമേശ് ബാബു |
| എഗ്രിമെന്റ് നമ്പർ | 41/16-17-തിയ്യതി 2-03-2015 |
| എം.ബുക്ക് നമ്പർ | 19/15-16 |
| ചെലവ് | 2,92,548/രൂപ വാറ്റ് ഉൾപ്പെടെ (2,70,460+22080) |
| ട്രഷറി ബിൽ നം. | 16/16-17-03-03-2017 |

ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| സിമന്റ് 31 ചാക്കിന് 380 രൂപ നിരക്കിൽ | 11,780/- |
| 150 അടി ഒന്നരയിഞ്ച് കല്ല് 37 ടിപ്പർ | 1,48,000/- |
| ജെ സി ബി ചാർജ് | 4,000/- |
| 200 അടി മെറ്റൽ | 11,000/- |
| മണൽ | 9,000/- |
| ആകെ | 1,83,780/- |

ഗുണഭോക്തൃസമിതി അംഗീകരിച്ച 1,83,780/- രൂപ. എന്നാൽ ഫൈനൽ ബിൽ പ്രകാരം ചെലവ് 2,70,460/- രൂപ കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. മസ്റ്റർ റോൾ പ്രകാരം 1,44,000/- രൂപ കൂലിച്ചെലവുണ്ട്. എന്നാൽ മസ്റ്റർ റോളിൽ തൊഴിലാളികളാരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കൺവീനറോ, ചെയർമാനോ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പ്രസ്തുത ചെലവ് സമിതി അംഗീകരിച്ച ചെലവിൽ വന്നിട്ടില്ല.

ഗുണഭോക്തൃസമിതി മാർഗ്ഗരേഗ പ്രകാരം ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ചെയ്ത പ്രവൃത്തിയുടെ അളവുകൾ അനുസരിച്ചുള്ള ബിൽ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടത്. പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/3-7-2017)ലഭിച്ച മറുപടി ലഭിച്ചിട്ടില്ല. ചെലവഴിച്ച 2,70,460/രൂപയിൽ അധികം നൽകിയ 86,680/രൂപ ഓഡിറ്റിൽ അനുവദനീയമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4 -1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,01,000 | നെൽകൃഷി പ്രോത്സാഹനം | -- | 2,01,000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 9,000 | നെൽകൃഷി പ്രോത്സാഹനം | -- | 9,000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,94,040 | എസ്.ടി. വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം | 1,07,296 | 86,744 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,50,000 | പാലിന് സബ്സിഡി | | 1,50,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെപ്പറയുന്ന തുക ചെലവഴിച്ചു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| |
|---|
| --ഇല്ല-- |

## 4 -3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക

--ഇല്ല--

## 4 -4 വായ്പ- വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | സ.ഉ.(സ) നം. 428/10 ത.സ്വ.ഭ.വ 06.02.2010 | 6500000 | 115873 | 115873 | - | - |

## 4 -5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ | 200000 |
| തൻവർഷം നിക്ഷേപിച്ച തുക | 82577 |
| ആകെ | 282577 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 282577 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 282577 വയനാട് ജില്ലാ സഹകരണ |

| | |
|---|---|
| | ബാങ്ക് |

# 4 -6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-15 | 2011-12 | 4.21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി പൈപ്പുകൾ വാങ്ങിയത് | നിയമസഭാസമിതിയുടെ പരിഗണ<br>നയിൽ |

# 4 -7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,61,14,443 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,43,75,182 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,42,221 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,14,256 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-12 | | 240 | ഡോ .അബ്രഹാം ജേക്കബ് |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ |
| 3-19 | | 47,400 | ശ്രീ.തങ്കച്ചൻ,അസി .എഞ്ചിനീയർ |
| 3-21 | | 8,141 | -ടി- |
| 3-23 | | 86680 | -ടി- |
| ആകെ | | 1,42,221 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 72,996 | ശ്രീ സി .കുട്ടൻ,സെക്രട്ടറി |
| 3-3 | 75,000 | തങ്കച്ചൻ ,അസി .എഞ്ചിനീയർ |
| 3-4 | 32,650 | ശ്രീ സി .കുട്ടൻ,സെക്രട്ടറി |
| 3-5 | 1,90,000 | ശ്രീ സി .കുട്ടൻ,സെക്രട്ടറി |
| 3-6 | 6,80,000 | ശ്രീ സി .കുട്ടൻ,സെക്രട്ടറി |
| 3-7 | 5,33,334 | ശ്രീ.ഈശ്വരചന്ദ്രപ്രസാദ് ,കൃഷി ഓഫീസർ |
| 3-9 | 2,10,001 | -ടി- |
| 3-10 | 2,44,755 | ശ്രീ.ഈശ്വരചന്ദ്രപ്രസാദ് ,കൃഷി ഓഫീസർ |
| 3-11 | 69,551 | ഡോ.മെറീന ഫിലിപ്പ്, മെഡിക്കൽ ഓഫീസർ(ആയുർവേദം) |

| | | |
|---|---|---|
| | | |
| 3-12 | 205,00 | ഡോ. അബ്രഹാം ജേക്കബ്, മെഡിക്കൽ ഓഫീസർ |
| 3-13 | 60,000 | ശ്രീമതി.മേരി നെല്ലൻകുഴിയിൽ,ഹെഡ് മിസ്ട്രസ് |
| 3-15 | 11,923 | ഡോ.ധന്യ രാജൻ, വെറ്ററിനറി സർജൻ |
| 3-17 | 11,95,818 | ശ്രീമതി.സരസ്വതി .എം., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-21 | 6,07,728 | ശ്രീ.തങ്കച്ചൻ,അസി .എഞ്ചിനീയർ |
| ആകെ | 40,04,256 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകൾ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസം

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സി .കുട്ടൻ,സെക്രട്ടറി | വിരമിച്ചു | ചാൽതൊടിക |

| | | |
|---|---|---|
| | | എടവണ്ണ പി.ഒ |
| ഡോ. അബ്രഹാം ജേക്കബ്<br>മെഡിക്കൽ ഓഫീസർ | അസിസ്റ്റന്റ് എഞ്ചിനിയർ | ചേതിപ്പുഴ ഹൗസ്<br>പിണങ്ങോട് റോഡ്<br>കൽപ്പറ്റ |
| ശ്രീ.തങ്കച്ചൻ,അസി. എഞ്ചിനീയർ | മെഡിക്കൽ ഓഫീസർ (പി.എച്ച.സി)<br>വേങ്ങപ്പള്ളിഗ്രാമപഞ്ചായത്ത് | ഇടതു കൈക്കൽ ഹൗസ്<br>പയ്യമ്പള്ളി പി.ഒ<br>മാനന്തവാടി |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | LF(W)P3 759/00 2.7.04 |
| 1989-90 | LF(W)P3 759/00 2.7.04 |
| 1990-91 | LF(W)P3 585/98 2.7.04 |
| 1996-97 | LF(W)P3/260 /98 9.6.99 |

| | |
|---|---|
| 1997-98 | LF(W)P3/759/00 13.5.02 |
| 1999-00 | LF(W)P3/27 /02 2.7.04 |
| 2000-01 | LF(W)P3/134 /02 10.6.05 |
| 2001-02 PLAN | LF(W)P3/569 /03 3.8.06 |
| 2001-02 | LF(W)P1/93 /07 25.3.10 |
| 2002-03 | LF(W)P1/543 /09 10.8.09 |
| 2003-04 | LF(W)P1/911 /08 20.3.13 |
| 2004-05 | LF(W)P1/777 /09 6.12.09 |
| 2005-06 | LF(W)P1/409 /09 11.6.13 |
| 2006-07 | LF(W)P1/272 /11 13.9.11 |
| 2007-08 | LF(W)P1/822 /10 12.4.2012 |
| 2008-09 | LF(W)P1/823 /10 17.5.13 |
| 2009-10, 2010-11 | LF(W)P1/576 /12 4.9.12 |
| 2011-12 | LF(W)P1/496 /13 27.12.13 |
| 2012-13,2013-14, | LF(W)P1/902 /14 7.1.15 |

| | |
|---|---|
| 2014-15 | K.S.A(WYD)P1-278/16-14.06.2016 |
| 2015-16 | K.S.A(WYD)P1-11/17-17/01/2017 |

ഡെപ്യൂട്ടി ഡയറക്ടർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.2/419/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 07.08.2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളിൽ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)/P2/419/2017.

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated.07.08.2017

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of vengappalli Grama Panchayath in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of vengappalli Gramapanchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala Stat Audit Department

District office, Wayanad.